# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1867 11.02.2020 ൽ മറുപടിക്ക്

## ഡൽഹിയിലെ പ്രത്യേക സർക്കാർ പ്രതിനിധി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. ഉമ്മർ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | സംസ്ഥാന സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധിയുടെയും ജീവനക്കാരുടെയും ചെലവുകൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധിയുടെയും ജീവനക്കാരുടെയും ചെലവുകൾക്കായി നാളിതുവരെ ആകെ 11,37,046/-രൂപ (പതിനൊന്നു ലക്ഷത്തി മുപ്പത്തി ഏഴായിരത്തി നാൽപ്പത്തിയാറു രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രത്യേക പ്രതിനിധി ചുമതല ഏറ്റെടുത്ത ശേഷവും സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട വിഹിതം പൂർണ്ണമായും നേടിയെടുക്കാൻ കഴിയാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി)<br>&<br>(സി) | നിരന്തരവും സൗഹാർദ്ദപൂർണ്ണവുമായ കേന്ദ്ര സംസ്ഥാന ബന്ധം നിലനിർത്തുന്നതിന് കേന്ദ്ര സർക്കാരിലും അനുബന്ധ മന്ത്രാലയങ്ങളിലും ഉന്നത തലത്തിലുള്ള ഇടപെടൽ ആവശ്യമാണ്. സംസ്ഥാന വികസനത്തിന് ഉതകുന്ന രീതിയിൽ വളരെ വിശാലവും വൻതോതിലുമുള്ള കേന്ദ്ര സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള അംഗീകാരം/അനുമതി നേടിയെടുക്കുന്നതിലേക്കായി സംസ്ഥാന സർക്കാരിന്റെ പ്രത്യേക പ്രതിനിധി നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കേന്ദ്ര-സംസ്ഥാന ബന്ധം ഏകോപിപ്പിക്കുന്നതിൽ പ്രതിനിധിയുടെ പ്രവർത്തനം പരാജയമാണെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദവി ഒഴിവാക്കി സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ